8

# ദൈവേഷ്ടം

ഈ ഭൂമിയിൽ സുരക്ഷിതമായ ഏക സ്ഥാനം ഉള്ളത് ദൈവഹിത മദ്ധ്യേ ആണ്! "ആകയാൽ മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ" (മത്തായി 6:33). രാജ്യമാണ് *ആദ്യം* വരുന്നത്! യേശുവും പറഞ്ഞിരിക്കുന്നു, "പിതാവേ എന്റെ ഇഷ്ടം അല്ല, നിന്റെ ഇഷ്ടം ആകേണമേ" (മത്തായി 26:39); "ദൈവമേ, ഇതാ ... നിന്റെ ഇഷ്ടം ചെയ്‌വാൻ, ഞാൻ വരുന്നു" (എബ്രായർ 10:7; വാ. 9 നോക്കുക); "നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ, ഭൂമിയിലും ആകേണമേ" (മത്തായി 6:10). ദൈവഹിതത്തെകുറിച്ചു വളരെ കുറച്ചു മാത്രമെ പറഞ്ഞു കേൾക്കുന്നുള്ളൂ എങ്കിലും, ആത്മിയത നമ്മുടെ മതസംസ്ക്കാരത്തെ അധീനമാക്കുന്നു. നമ്മുടെ ദിവസേനയുള്ള മനോഭാവവും പ്രവൃത്തികളും എത്ര ശക്തമാണെന്നു ഗ്രഹിക്കുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. ഒരു ക്രിസ്ത്യാനി ഒരിക്കലും തന്റെ "ഉത്തരവാദിത്വത്തിൽ നിന്നു വിരമിക്കുന്നില്ല." ദൈവത്തോടുകൂടെയുള്ള ജീവിതം ഒരിക്കലും എളുപ്പമുള്ളതും, ഒരിക്കലും സ്ഥിരമായതും, ഒരിക്കലും അവസാനിക്കുന്നതുമല്ല. നാം പുരോഗമിക്കുന്നത് - ഉയർച്ചയിലേക്കായിരിക്കണം.

ദൈവേഷ്ടത്തിൽ ഒരു താല്പര്യവും വളർത്തിയെടുക്കാതെ ചിലർ മത പരമായിതീരുവാൻ ശ്രമിക്കുന്നതെന്തുകൊ്? തെറ്റിദ്ധാരണകൾ നിമിത്തമാണ്:

(1) ദൈവേഷ്ടം നന്നല്ല എന്നു ചിലർ വിചാരിക്കുന്നു. തങ്ങൾക്കു സന്തോഷം പകരുന്ന കാര്യങ്ങൾ എന്തുതന്നെയായാലും അതു ചെയ്യ ണമെന്ന് അവർ ചിന്തിക്കുന്നു - അവർ വിശ്വസിക്കുന്നത് ദൈവേഷ്ടം പ്രമാണിക്കു ന്നതു ദുഃഖകരമാണ് എന്നാണ്. ജീവിതത്തിൽനിന്നു സന്തോഷത്തെ ദൈവം എടുത്തുകളയുന്നു എന്നാണ് സാത്താൻ നമ്മോടു പറയുന്നത്. ക്രിസ്ത്യാനി കളെന്ന് അവകാശപ്പെടുന്ന പലരിലും സന്തോഷമില്ല! അത് ആർക്കു വേണം? ദൈവേഷ്ടം കത്തുെവാൻ, ഒരാൾ ആദ്യം ദൈവത്തെ കത്തെണം. ദൈവം നല്ലവനാണ്. അവനെ ആശ്രയിക്കുകയും ചെയ്യാം. നമ്മുടെ ഏറ്റവും നല്ലതാണ് ദൈവം പ്രതീക്ഷിക്കുന്നത്. തന്റെ ജീവിതത്തിൽ ദൈവത്തിന്റെ നന്മ കാണുവാൻ കഴിയാത്ത ക്രിസ്ത്യാനി അന്ധനാണ്. നമുക്ക് സംഭവിക്കാവുന്ന ഏറ്റവും നല്ലത് ദൈവമാണ്. ദൈവം ദൈവം ആയിരിക്കട്ടെ!

> ദൈവഹിതം അറിയുന്നതാണ് ഏറ്റവും വലിയ
>     ജ്ഞാനം.
> ദൈവഹിതം കത്തുെക എന്നതാണ് ഏറ്റവും വലിയ
>     കുപിടിത്തം.
> ദൈവഹിതം ചെയ്യുക എന്നതാണ് ഏറ്റവും വലിയ വിവേകം.

(2) "എന്റെ മുഴുവൻ ജീവിതത്തിനും വേ പദ്ധതികൾ ദൈവത്തിന്റെ കയ്യിലു്" എന്നതാണ് രാമത്തെ തെറ്റിദ്ധാരണ. അത് തിരുവെഴുത്തനു സരിച്ചുള്ളതോ ബുദ്ധിക്ക് നിരക്കുന്നതോ അല്ല. ദൈവം "സഹായ കാര്യ

ങ്ങളിൽ" ആണ് ഇടപെടുന്നത്, അല്ലാതെ "ഭൂപട കാര്യങ്ങളിൽ" അല്ല. അബ്രഹാം എവിടേക്ക് പോകുന്നു എന്നറിയാതെയാണ് പോയത്. യേശു ഒരു കല്പന മാത്രമാണ് നല്കിയത്: "എന്നെ അനുഗമിക്ക." ദിവസേനയുള്ള നമ്മുടെ വിശ്വാസത്തിന്റെ അപ്രതീക്ഷിതമായ അനുഭവം അതാണ്. "എന്റെ ജീവിതത്തിനു വേ ദൈവേഷ്ടം എന്താണ്?" എന്നതല്ല ചോദ്യം. "എന്താണ് ദൈവേഷ്ടം?" എന്നതാണ് ചോദ്യം. ഒരു പ്രത്യേക രീതിയിൽ നമ്മെ നയിക്കുവാൻ ദൈവം താല്പര്യപ്പെടുന്നില്ല - അവൻ പറയുന്നു, "നിന്റെ ജീവിതം എനിക്കു നല്കുക." നാം നയിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നതിലപ്പുറമായി ദൈവം നമ്മെ നയിക്കുവാനാഗ്രഹിക്കുന്നു. നമ്മെ തിരുവെഴുത്ത് തിരുത്തി എഴുതുവാനല്ല വിളിച്ചിരിക്കുന്നത്, പിന്നെയോ അതിനു യോജിക്കുന്ന നമ്മുടെ പങ്ക് കത്തെുവാനാണ്. നാം നമ്മുടെ ഇഷ്ടം ചെയ്യുവാൻ ദൈവത്തെ നിർബന്ധിക്കരുത്, മറിച്ച് ദൈവപ്രവൃത്തി എവിടെയാണെന്നു കത്തെി അവന്റെ പ്രവൃത്തിയിൽ പങ്കുകാരാകുകയാണ് വേത്.

(3) ദൈവത്തിന്റെ നടത്തിപ്പിനെകുറിച്ച് ആളുകൾ തെറ്റിദ്ധരിക്കപ്പെട്ടിരിക്കയാണ്. "ദൈവം എന്നോടു പറഞ്ഞു" എന്നിങ്ങനെ, ആളുകൾ പറഞ്ഞു ഞാൻ കേട്ടിട്ടു്. അവർ പ്രവാചകന്മാരാണോ? അവർ ദൈവശ്വാസിയരാണോ? അവർക്ക് തിരുവെഴുത്തിനോടു കൂട്ടുചേർക്കുവാൻ കഴിയുമോ? തങ്ങളെ ഉപദേശിപ്പാനും, മിഷ്ണറിയായി പ്രവർത്തിപ്പാനും, സഭാ മന്ദിരങ്ങൾ പണിയുവാനും വിളിക്കപ്പെട്ടിരിക്കുന്നു എന്നു ആളുകൾ തെറ്റായി ചിന്തിക്കുമ്പോൾ ദാരുണമായ കാര്യങ്ങൾ സംഭവിക്കുന്നു. നമ്മിൽ അധികം പേരും ദൈവത്തെ "ഉപദേശിക്കുന്ന കഴിവിലാണ്" സേവിപ്പാൻ ആഗ്രഹിക്കുന്നത്. ജീവിതം എന്നത് നമുക്ക് ആഗ്രഹമുള്ളത് എടുക്കുവാനും തിരയുവാനുമുള്ള, ഒരു കാപ്പിക്കട പോലെയുള്ളതല്ല. ജീവിതമെല്ലാം ദൈവത്തിന്റെ അധികാരത്തിൻകീഴിലാണ്. നാം ഇരിക്കുന്നതു ദൈവത്തിന്റെ വശത്തല്ല, പാദപീഠത്തിലാണ്. ബൈബിളിൽ ദൈവേഷ്ടം ഉള്ളത് എത്രമാത്രമാണെന്ന് അറിയുമ്പോൾ നിങ്ങൾ അതിശയിച്ചുപോകും. ബൈബിളിലുള്ളത് സ്വഭാവവും വിശുദ്ധിയുമാണ്; അതിൽ നാം ആരാണെന്നു പറയുന്നു. ദൈവജ്ഞാനം എന്നതു ബുദ്ധിയെയോ, കഴിവിനെയോ, താലന്തിനെയോ കുറിച്ചുള്ള കാര്യമല്ല; അതു സ്വഭാവത്തെ പറ്റിയുള്ളതാണ്. "ഉയരത്തിൽനിന്നുള്ള ജ്ഞാനമോ, ഒന്നാമതു നിർമ്മലവും, പിന്നെ സമാധാനവും, ശാന്തതയും, അനുസരണമുള്ളതും, കരുണയും സൽഫലവും നിറഞ്ഞതും, പക്ഷപാതവും കപടവും ഇല്ലാത്തതും ആകുന്നു" (യാക്കോബ് 3:17). ക്രിസ്ത്യാനികൾ പാലിൽനിന്നു മാംസത്തിലേക്കു മാറുമ്പോൾ അവരുടെ ഇന്ദ്രിയങ്ങളെ അഭ്യസിപ്പിച്ച് നന്മയും തിന്മയും വിവേചിച്ചറിയുന്നു (എബ്രായർ 5:11-14). *ആദ്യം* തിരുവെഴുത്തിലേക്ക് കടക്കുക! "ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേതിന്നു, നിന്റെ വചനങ്ങളെ എന്റെ ഹൃദയത്തിൽ സംഗ്രഹിച്ചിരിക്കുന്നു" (സങ്കീർത്തനങ്ങൾ 119:11).

എവിടെ താമസിക്കണമെന്നോ എന്തു ജോലി ചെയ്യണമെന്നോ ബൈബിൾ നമ്മോടു പറയുന്നില്ല. ദൈവം നമ്മെ തന്റെ കരുണയാലും നടത്തുന്നു. ചിലതു ദൈവേഷ്ടമല്ലായിരിക്കാം, എന്നാൽ അതിലും അവനു ഒരു ഇഷ്ടം ഉ്. ആ ഇഷ്ടം നാം അറിയണമെന്നു അവൻ ആഗ്രഹിക്കുന്നു. അവന്റെ ഇഷ്ടം അനുസരിക്കുവാൻ ദൈവം നമുക്ക് എപ്പോഴും ശക്തി നല്കുന്നു. "അവന്റെ ഇഷ്ടം ചെയ്യുവാൻ ഇച്ഛിക്കുന്നവൻ, ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതോ ഞാൻ സ്വയമായി പ്രസ്താവിക്കുന്നതോ എന്ന് അറിയും" (യോഹന്നാൻ 7:17).

ഓരോ ദിവസവും ദൈവേഷ്ടം കണ്ടെത്തുവാൻ അഞ്ചു മിനിറ്റെങ്കിലും ചെലവഴിക്കുന്നവർ നമ്മിൽ എത്ര പേരു്? ആഴത്തിൽ ചിന്തിക്കുക ... പ്രാർത്ഥിക്കുക ... ശ്രദ്ധിക്കുക ... നിരീക്ഷിക്കുക. പരിശ്രമിക്കുന്ന ഹൃദയങ്ങ ളിൽ ദൈവം തന്നെ വെളിപ്പെടുത്തുന്നു. ഇന്നു നാം ദൈവത്തിന്റെ ഇഷ്ടം നിർവ്വഹിക്കുന്നില്ലെങ്കിൽ നാളെ എന്തു ചെയ്യണമെന്നാണ് അവൻ ആഗ്രഹി ക്കുന്നത് എന്നു നിങ്ങളെ കാണിക്കുമെന്ന് പ്രതീക്ഷിക്കരുത്!

**************

# തുവർത്ത് (ദാസ്യത്വം)

## യോഹന്നാൻ 13:1-17, 34, 35

> "നിങ്ങളോ അങ്ങനെ അല്ല, നിങ്ങൾ വലിയവൻ ഇളയവനെപോലെയും, നായകൻ ശുശ്രൂഷിക്കുന്ന വനെപോലെയും ആകട്ടെ. ആരാകുന്നു വലി യവൻ, ഭക്ഷണത്തിനിരിക്കുന്നവനോ ശുശ്രൂഷിക്കുന്നവനോ? ഭക്ഷണ ത്തിനിരിക്കുന്നവനല്ലയോ? ഞാനോ നിങ്ങളുടെ ഇടയിൽ ശുശ്രൂഷിക്കു ന്നവനെ *പോലെ ആകുന്നു" (ലൂക്കൊസ് 22:26, 27).*

ദൈവം ദാസന്മാരെ മാത്രമാണ് ഉപയോഗിക്കുന്നത്! മറ്റുള്ളവർ അപേ ക്ഷിക്കരുത്. ഒരു മനുഷ്യനു ലഭിക്കാവുന്ന ദൈവത്തോടു അടുപ്പമുള്ള ഹൃദ യമാണ് ഒരു ദാസന്റെ ഹൃദയം. യേശു *ദാസനാണ്*! ഞാൻ *ദാസന്റെ* ദാസന്മാ രിൽ ഒരു ദാസനാണ്! പല മഹത്തായ വേദവാക്യങ്ങളെയും ഉപയോഗശൂന്യ മാക്കിയിരിക്കുന്നു. "ക്രൂശ്" എന്ന വാക്കിനെ പരിഗണിക്കുക. ക്രൂശ് എന്നത് ഒരിക്കൽ വിരൂപവും, മുറിവേൽപ്പിക്കുന്നതും, വേദനിപ്പിക്കുന്നതും, തരംതാഴ്ത്തുന്നതും, ക്രൂരതയുള്ളതുമായിരുന്നു, എന്നാൽ ഇപ്പോൾ അത് കലാ പരവും, സുവർണ്ണവും, ഉപദ്രവരഹിതവുമായിരിക്കുന്നു. ക്രൂശ് ഇല്ലാത്ത ക്രിസ്തുവിനെ ആണ് ഇന്ന് ആളുകൾക്ക് ആവശ്യം. യേശുവിനെ അനുഗമി ക്കുക എന്നാൽ ക്രൂശിലേക്ക് പോകുക എന്നാണർത്ഥം. അവൻ തന്റേതു വഹിച്ചു; നാം നമ്മുടേതു വഹിക്കുന്നു. യേശു മരണത്തിനായി നമ്മെ ക്ഷണിക്കുന്നു. ക്രൂശിന്റെ ഇടർച്ച നാം മറക്കരുത് (ഗലാത്യർ 5:11 നോക്കുക). "സ്നേഹം" എന്ന വാക്ക് പരിഗണിക്കുക. ആ വലിയ വാക്കിനെ വൈകാരിക വിഡ്ഢിത്തമായി തരം താഴ്ത്തിയിരിക്കുകയാണ്. അതിനെ തിരുത്തുവാൻ നിങ്ങൾ "പ്രയാസം" എന്ന വാക്ക് ചേർക്കണം. "ദാസൻ" എന്ന വാക്ക് പരിഗ ണിക്കുക. അടിമയാക്കപ്പെടുന്നവനു അവകാശമോ, ശക്തിയോ, രാഷ്ട്രീയമോ ഇല്ല. അവൻ പൂർണ്ണമായും മറ്റൊരാളുടെ ഉടമസ്ഥതയിലാണ്. നാം ആ ആശ യത്തിനു മാറ്റംവരുത്തി അർത്ഥശൂന്യമാക്കിയിരിക്കുന്നു. യേശു "തുവർത്തിന്റെ ക്രമമാണ്" ലോകത്തിനു നൽകിയത്. സഭകൾ പണിയുവാൻ ദൈവം ഉപ യോഗിക്കുന്ന ഏക ഉപകരണം തുവർത്ത് ആണ്. ചരിത്രത്തിൽ അത് മുൻപ് നടന്നിട്ടില്ല അല്ലെങ്കിൽ ഇതുവരെ ഉായിട്ടില്ല. മുകളിലേക്കുള്ള വഴി താഴേ ക്കായി; അവസാനത്തേത് ആദ്യമായി; നിങ്ങൾ ജീവിക്കുവാൻ മരിക്കുന്നു;

ലഭിക്കുവാനായി നിങ്ങൾ നല്കുന്നു (മത്തായി 20:16; മർക്കൊസ് 9:35). ക്രിസ്തുവിൽ എല്ലാം "കീഴ്മേൽ മറിഞ്ഞതാണ്."

ദൈവം ദാസന്മാരെ മാത്രമാണ് ഉപയോഗിക്കുന്നത് - അല്ലാതെ "സഭാ പ്രവർത്തകരെ" അല്ല. "സഭാ പ്രവർത്തകർ" എന്നതു ഒരു ബൈബിൾ പദപ്രയോഗമല്ല. നാമെല്ലാവരും ദാസന്മാരായി തിരിച്ചറിയണമെന്ന് ആഗ്രഹിക്കുന്നു, എന്നാൽ ആരും നമ്മോടു ദാസന്മാർ എന്ന വിധത്തിൽ പെരുമാറുവാൻ ആഗ്രഹിക്കുന്നില്ല. ദാസന്മാരായി തീരുവാൻ ആളുകൾ ലൈനിൽ കാത്തുനില്ക്കുന്നില്ല. ദൈവത്തിനു ഉപയോ ഗിക്കുവാൻ പറ്റാത്തവിധം നിങ്ങൾക്ക് ഒരിക്കലും ചെറുതാകാൻ കഴിയുകയില്ല, പക്ഷെ നിങ്ങൾക്ക് ദൈവത്തിനു ഉപയോഗിക്കുവാൻ പറ്റാത്തവിധം വലുതാകുവാൻ കഴിയും! പന്തിരുവർക്ക് യേശു അവസാനമായി നല്കിയ വിഷയം "തുവർത്തിന്റെ പാഠം" എന്നതായിരുന്നു. താൻ ചെയ്തതു ചെയ്യുവാൻ അവൻ അവരെ പ്രബോധിപ്പിച്ചു. ഓരോ സമയത്തും പന്തിരുവർ സ്വയം ഉയർത്തിക്കൊിരുന്നു, യേശു അവരെ അതിനു ശാസിക്കയുമുായി (മർക്കൊസ് 10:35-45). ക്രിസ്ത്യാനികളായി തീർന്നവരാണ് ദാസന്മാർ; ക്രിസ്ത്യാനികൾ ചെയ്യുന്നതാണ് സേവനം. നാം "വിജയിക്കുന്ന സഭ" എന്നതിനേക്കാൾ "ദാസ്യ സഭ" യായി തീരണം. താഴ്മയുടെ മാതാവാണ് നന്ദി. താഴ്മ നമ്മെ കീഴ്പ്പെടുത്തുന്നു. ഇപ്പോൾ നാം എത്തിയിരിക്കുന്നത് ദിവസേന ദൈവത്തോടുകൂടെ നടക്കുക എന്നതിൽ അടങ്ങിയിരിക്കുന്ന പ്രധാനപ്പെട്ട അർത്ഥത്തിലേക്കാണ്: *ദാസ്യത്വം*! നാം "തുവർത്ത് എടുക്കുമോ?"

### നിഗളമുള്ള മനസും അഴുക്കുള്ള കാലും

യോഹന്നാൻ 13 വിസ്മയാവഹമായ ഒരദ്ധ്യായമാണ്. ബൈബിൾ എഴുതുവാൻ മനുഷ്യനു കഴിയുമായിരുന്നില്ല; കഴിഞ്ഞാലും ചെയ്യുമായിരുന്നില്ല. യോഹന്നാൻ 13-ലെ സംഭവം നടന്നതു അവസാന അത്താഴ സമയം, "മാളികമുറി" യിലാണ്. കർത്താവിന്റെ അത്താഴത്തെ മത്തായിയും, മർക്കൊസും, ലൂക്കൊസും വിവരിക്കുന്നു്. അതു യോഹന്നാൻ 13-ൽ ഇല്ല; യോഹന്നാൻ എടുത്തു കാണിക്കുന്നതു "തുവർത്താണ്." മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ സുവിശേഷങ്ങളിൽ തുവർത്തില്ല. എന്നാൽ ആ സംഭവത്തെ കുറിച്ചുള്ള യഥാ ർത്ഥ അഭിപ്രായവും, ദൈവസാന്നിദ്ധ്യത്തിന്റെ അപൂർവ്വ കാഴ്ച്ചയും നമ്മോടൊപ്പം പങ്കുവയ്ക്കുവാൻ യോഹന്നാനു ഭാഗ്യം ലഭിച്ചു.

ക്രൂശിന്റെ മാത്രം നിഴലിൽ, ശിഷ്യന്മാർ വാദിച്ചുകൊിരുന്നു: "ആരായിരിക്കും വലിയവൻ?" ആരായിരിക്കും "അഏവ" (അപ്പൊസ്തലന്മാരിൽ ഏറ്റവും വലിയവൻ)? വ്യക്തിപരമായി വലിയ കാര്യങ്ങൾ അന്വേഷിക്കരുത് എന്ന് യിരെമ്യാവ് യിസ്രായേലിനോട് (യെഹൂദന്മാരോട്) പറഞ്ഞിരുന്നു (യിരെമ്യാവ് 45:5). ഇതു പഠിക്കുവാൻ പ്രയാസമുള്ള ഒരു പാഠമാണ്. യോഹന്നാൻ 13:1 അതിനെ കുറിച്ചു പറയുന്നു: "... [യേശു] അവസാനത്തോളം അവരെ സ്നേഹിച്ചു." അവന്റെ അന്തിമ സ്നേഹം അവസാനത്തോളം സഹിക്കുന്നതായിരുന്നു. ക്രൂശിങ്കൽ തന്റെ ശിഷ്യന്മാരെ ആവശ്യമായി വന്നപ്പോൾ, അവർ അഹങ്കാരം നിറഞ്ഞവരായി - വാദിച്ചുകൊിരിക്കുകയായിരുന്നു. അപ്പോഴും, അവൻ അവരെ സ്നേഹിച്ചു. അവൻ അവരെ വഴക്കുപറഞ്ഞില്ല, അവരുടെ നേരെ കൈചൂിയില്ല, അല്ലെങ്കിൽ "പുതിയ ഒരു കൂട്ടത്തിനായി" ദൈവത്തോടു പ്രാർത്ഥിച്ചതുമില്ല. "പിതാവേ, പെന്തെക്കൊസ്തുനാൾ അടുത്തിരി

ക്കുന്നു. 'ഇവരെക്കൊ്' ഞാൻ എങ്ങനെ സഭ പണിയും?" എന്നും, അവൻ പറഞ്ഞില്ല. മുകളിൽ പറഞ്ഞതൊന്നും യേശുവിൽ നിന്നുായില്ല. അവൻ ഒരു പാത്രത്തിൽ വെള്ളം നിറച്ചു ഒരു തുവർ ത്തുകൊു അവരുടെ കാലുകൾ കഴുകുവാൻ തയ്യാറായി. ഞാൻ ആ വിവരണം വായിച്ചപ്പോൾ, എനിക്കു തോന്നിയത് ഇതാണ്, "കർ ത്താവേ, നീ അതു ചെയ്യരുത്. അവരെ കൊു നിന്റെ കാലുകൾ കഴുകിപ്പിക്കുക!" മനുഷ്യത്വം പരാജയപ്പെട്ടു.

എങ്ങനെയായാലും, ദൈവം പരാജയപ്പെട്ടില്ല. യോഹന്നാൻ അദ്ധ്യായം 13-ൽ ആ രാത്രിയെ തിരിഞ്ഞു നോക്കി. എന്താണ് യോഹന്നാനെ പെട്ടെന്നു മാറ്റിയത്? അവൻ യേശുവിൽ സർവ്വശക്തനായ ദൈവത്തെ കു - മുട്ടിന്മേൽനിന്നു, ശിഷ്യന്മാരുടെ കാലുകൾ കഴുകുന്നു! ആചാരമര്യാദയിൽ കാൽകഴുകുന്ന ശുശ്രൂഷ ചെയ്യണമെന്നു ആവശ്യപ്പെട്ടിരുന്നു. അധികാരത്തിനായി വാദിച്ചുകൊിരുന്നവർക്ക് അതു ചെയ്യുവാൻ കഴിഞ്ഞില്ല, അതുകൊു യേശു അതു ചെയ്തു! ദൈവം ആഗ്രഹിക്കുന്നത് ദാസന്മാരെയാണ്; മനുഷ്യർ ആഗ്രഹിക്കുന്നതോ "താരങ്ങൾ" ആകുവാനാണ്. ദൈവത്തിൽ "താരങ്ങൾ"ക്കു സ്ഥാനമില്ല. നിങ്ങൾ സേവനം നിർത്തുമ്പോൾ, നിങ്ങൾ പരാതിപ്പെട്ടു തുടങ്ങും! വിമർശിക്കുന്നവർ സേവിക്കുകയില്ല!

ദാസന്മാർ കാൽകഴുകുന്ന, *സമയം*! അവർ ആരുടെ കാൽ കഴുകണം എന്നുള്ളതിന് തിരയുകയോ ശ്രമിക്കുകയോ ചെയ്തില്ല. യേശു യൂദയുടെ കാൽ കഴുകി (അല്ലെങ്കിൽ കഴുകിയിരിക്കാം). കാൽ-കഴുകലിൽ ഭക്തിപരമായി യാതൊന്നും ഇല്ല. എഴുതപ്പെട്ട യെഹൂദ *മിഷ്നാ* പറയുന്നത് യെഹൂദ കുട്ടികൾ അടിമകളായിരിക്കാം എന്നാണ്; എങ്ങനെയായാലും, കാൽ-കഴുകലിലൂടെ അവരെ തരം താഴ്ത്തപ്പെട്ടിരുന്നില്ല. ദാസന്മാരിൽ കൂടെ മാത്രമല്ല യേശുവിനെ തിരിച്ചറിഞ്ഞത്, എന്നാൽ ദാസന്മാരിൽ ഏറ്റവും ചെറിയവരിൽ കൂടെയും തിരിച്ചറിഞ്ഞിരുന്നു. ദാസന്മാർക്ക് തെളിയിക്കുവാൻ ഒന്നുമില്ല; അവർക്കു നഷ്ടപ്പെടുവാനും ഒന്നുമില്ല. യേശു ഒരു തുവർത്തെടുത്ത് അരയ്ക്കുചുറ്റി. അവന്റെ സന്ദേശം "ഞാൻ അവന്റെ ദാസനാകയാൽ, നിങ്ങളുടെയും ദാസനാകണം" എന്നായിരുന്നു. ക്രൂശിക്കപ്പെട്ട രക്ഷകനു മാത്രമേ ക്രൂശിക്കപ്പെട്ട ദാസന്മാരെ ഉപയോഗിക്കുവാൻ കഴിയൂ.

> രക്തമൊഴുക്കാത്ത സഭയ്ക്ക് അനുഗ്രഹിക്കുവാൻ കഴിയുകയില്ല.
> സേവിക്കാൻ കഴിയാത്ത സഭയ്ക്ക് രക്ഷിക്കുവാൻ കഴിയുകയില്ല.
> കഷ്ടതയേൽക്കാത്ത സഭയ്ക്ക് വീടെടുക്കുവാൻ കഴിയുകയില്ല.
> മരിക്കാത്ത സഭയ്ക്കു ജീവിക്കുവാനും കഴിയുകയില്ല.

### "പത്രൊസിന്റെ തത്വം"[1]

ശിഷ്യന്മാരുടെ മനുഷ്യത്വം *അഹങ്കാര*ത്താലാണ് പ്രകടമാക്കിയത്! ദൈവത്തിന്റെ ദൈവീകത്വം പ്രകടമാക്കിയത് *താഴ്മ*യാലാണ്! അതു പത്രൊസിൽ നമുക്ക് നന്നായി കാണാം. ബൈബിളിലെ ഒരുപക്ഷെ ഏറ്റവും മൂകമായ ചോദ്യമായിരിക്കാം അവൻ ചോദിച്ചത്: "കർത്താവേ, നീ എന്റെ കാൽ കഴുകുകയോ?" (യോഹന്നാൻ 13:6). ഒരു പാത്രത്തിൽ, വെള്ളവും തോർത്തുമെടുത്ത് യേശു, അവരുടെ കാൽ കഴുകിക്കൊിരുന്നു, അടുത്തത് പത്രൊസിന്റെ ഊഴം വന്നു. പത്രൊസ് എന്തുകൊാണ് ആ ചോദ്യം ചോദിച്ചത്?

(1) പത്രൊസിന് തെറ്റായ ആത്മീയതയിൽ എതിർപ്പായിരുന്നു. മറ്റു

ള്ളവരുടെ ചിലവിൽ തന്നെ നന്നായി കാണിക്കുവാൻ അവൻ ആഗ്രഹിച്ചു.
താഴ്മയെ പോലെ കാണിക്കുവാൻ ശ്രമിക്കുന്ന അഹങ്കാരമായിരുന്നു അത്.
അത് പത്രൊസിന്റെ ഹൃദയത്തെ വെളിപ്പെടുത്തി. അവൻ വിചാരിച്ചത് തന്റെ
കാൽ കഴുകേ ആവശ്യമില്ല എന്നാണ്! യേശു അഴുക്കുള്ള കാൽ മാത്രമേ
കഴുകുകയുള്ളൂ. പത്രൊസ് ഒരു നായകനായിരുന്നു; അവൻ തെറ്റുകൾ സമ്മ
തിക്കുവാൻ ആഗ്രഹിച്ചില്ല. തന്റെ പ്രതിച്ഛായ വളർത്തുവാനാണ് അവൻ ആഗ്ര
ഹിച്ചത്. മതപരമായ "പ്രദർശിപ്പിക്കൽ" എപ്പോഴും ആപൽക്കരമാണ്. അക്ഷ
രീകമായി പത്രൊസ് "തന്നെത്താൻ വിഡ്ഢിയാക്കി." അതാണ് അഹങ്കാരം
എപ്പോഴും ആളുകളിൽ വരുത്തുന്നത്. പത്രൊസിന്റെ കാൽ അഴുക്കുള്ളതാ
യിരുന്നു; എല്ലാവരുടേതും പോലെ അവന്റെ കാലുകളും കഴുകേതു ആവ
ശ്യമായിരുന്നു. "ഞാൻ പരോപകാരിയല്ല" എന്ന അഹങ്കാര മനോഭാവം
നമുക്കും ഉായേക്കാം. അതെ, നിങ്ങൾ അങ്ങനെയാണ്! നാം എല്ലാവരും
അങ്ങനെയാണ്. നമ്മുടെയെല്ലാം കാലുകൾ കഴുകേതായിട്ടു്. "എനിക്ക്
എന്റെ കാലുകൾ കഴുകുവാൻ കഴിയും" എന്ന മനോഭാവത്തിൽ നിന്നാണ്
പത്രൊസിന്റെ ഹൃദയത്തിൽ മറ്റൊരു ഉൾക്കാഴ്ച്ച ഉാകുന്നത്. "രക്ഷാ
പ്രവർത്തികൾ" ക്കുള്ള ആഗ്രഹം (സ്വയ-നീതീകരണം) നമ്മെ ബാധിക്കും.
നാം ചിന്തിക്കും, "എനിക്ക് ആരും വേ!" ഉവ്വ്, നിങ്ങൾക്ക് വേണം! എല്ലാ
വർക്കും യേശു വേണം. നമുക്ക് അന്യോന്യം ആവശ്യമാണ്. മതപരമായി
"എങ്ങനെ-വേണം" എന്നതിന്റെ മറ്റൊന്നു മാത്രമല്ല ക്രിസ്ത്യാനിത്വം.
"അത്-സ്വയം-ചെയ്യുന്ന പ്രവർത്തി"യുമല്ല ക്രിസ്ത്യാനിത്വം. "... ഞാൻ ബല
ഹീനൻ ആയിരിക്കുമ്പോൾ, ഞാൻ ശക്തനാകുന്നു" എന്ന്, പൗലൊസ് പഠിച്ചു
(2 കൊരിന്ത്യർ 12:10). യേശുവിൽ നമുക്കുള്ള ആവശ്യത്തെ നാം ഒരിക്കലും
നഷ്ടപ്പെടുത്തരുത്. അപ്പത്തിനുവേ യാചിക്കുന്ന യാചകരെ പോലെയാണ്
നാം. തെറ്റുകൾ പുറത്തറിയുമ്പോൾ സഭ വിട്ട് പോകണമെന്നു അംഗങ്ങൾ
ചിന്തിക്കുന്നത് എന്നെ ഇപ്പോഴും അതിശയിപ്പിക്കുന്നു്. നാം എല്ലാവരും
പാപം ചെയ്ത് ദൈവതേജസില്ലാത്തവരായി തീർന്നു (റോമർ 3:10, 23).

(2) പത്രൊസ് യേശുവിനെ "തടയുവാൻ" ശ്രമിക്കുകയായിരുന്നു. "പ്രതി
ച്ഛായ" പുതിയതല്ല! ആത്മീയമായി ഉയർന്ന പുരോഹിതന്മാർ ചില സ്ഥലത്തു
പോയി, ചില ആളുകൾ കാണത്തക്കവണ്ണം, ചില കാര്യങ്ങൾ ചെയ്യുകയില്ല.
യേശു ഒരിക്കലും "റബ്ബിമാരുടെ പാഠശാലയിൽ" പഠിച്ചിട്ടില്ല. അവൻ തന്റെ
കുടുംബത്തെ, അവന്റെ ശിഷ്യന്മാരെ, അവന്റെ ദേശത്തെ തന്നെയും മുൾമു
നയിൽ നിർത്തി. പത്രൊസിന്റെ ദൃഷ്ടിയിൽ, ഈ തോർത്തിന്റെ സംഭവം പര
സ്യമായാൽ യേശുവിന്റെ മതിപ്പ് കുറയും എന്നായിരുന്നു. ദൈവത്തെക്കാൾ
അധികം മതപരമാകുവാൻ ശ്രമിക്കരുത്! ആളുകൾ തങ്ങളുടെ തെറ്റായ ആത്മീ
യത കൊ് എന്നെ ഭയപ്പെടുത്താറു്, ദൈവത്തിന്റേതിൽ നിന്നും അതു
കൂടുതൽ കർക്കശവും പ്രയാസമുള്ളതുമാണ്. യേശു പാപികളോട് നല്ലരീതി
യിലാണ് ഇടപെട്ടത്; അവൻ ശിശുക്കളെ അനുഗ്രഹിച്ചു, അവൻ സാധാരണ
ക്കാരെ കേട്ടു. നാം പാപികളെ ക്രിസ്തുവിലേക്ക് പരിവർത്തനം ചെയ്യുമ്പോൾ,
ഈ മുന്നറിയിപ്പു നൽകണം: "നിങ്ങൾക്ക് ഇഷ്ടമല്ലാത്ത യേശുവിനെ കുറി
ച്ചുള്ള കാര്യങ്ങൾ നിങ്ങൾ സ്വീകരിക്കണം." നാം യേശുവിനെ പോലെ ആകു
വാൻ മാറുന്നു; അവൻ നമ്മെ പോലെ ആകുവാൻ മാറുന്നില്ല. ഒരു "ദാസൻ"
എന്ന നിലയേക്കാൾ, ഒരു "സഭാപ്രവർത്തകൻ" ആണെന്നുള്ളതിന് ഒരു ഉദാ
ഹരണമായിരുന്നു പത്രൊസ്. അവൻ സ്വയം നിയന്ത്രിച്ചു, അങ്ങനെ തന്നെ

നിലനില്ക്കുവാനും ആഗ്രഹിച്ചു. ശക്തനായ ഒരാൾക്കു മാത്രമെ താഴുവാൻ കഴിയൂ; ഭദ്രതയിൽ ഉള്ളവർക്കുമാത്രമേ സേവിക്കുവാൻ കഴിയൂ. ഇവിടെ പ്രശ്നം മതിപ്പ് അല്ല, സ്വഭാവം ആണ്.

(3) പത്രൊസിന്റെ അഹങ്കാരം വെളിപ്പെട്ടു. എന്റെ അഹങ്കാരത്തെ കീഴടക്കി എന്നു ഞാൻ വിചാരിക്കുമ്പോൾ, അത് ശക്തമായി തലപൊക്കും. തിരുവെഴുത്തിലെ സുപരിചിതമായ വാക്യങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധയോടെ വേണം വായിക്കുവാൻ. ശിഷ്യന്മാർ യേശുവിന്റെ കാൽ കഴുകുന്നതായിരുന്നില്ല പ്രശ്നം; പ്രശ്നം യേശു അവരുടെ കാലുകൾ കഴുകുന്നതായിരുന്നു! അവർ ഒരുപക്ഷെ അവന്റെ കാലുകൾ കഴുകുവാൻ സ്വയമായി മുന്നിട്ടു വരുമായിരുന്നു! അതൊരു പ്രശ്നമേ ആകുമായിരുന്നില്ല. വാസ്തവത്തിൽ, അവർ അതിനു പോരാടിയേക്കും. അഹങ്കാരം തെറ്റിലേക്കു നയിക്കുന്ന ഒന്നാണ്. വർഷങ്ങളോളം നാം ഓരോ ശുശ്രൂഷകന് "ദാസ്യ തോർത്ത്" കൊടുത്തിരുന്നു. നാം അവരോട് വേറെയും "തുവർത്ത് ദാസന്മാരെ" ഉ ാക്കുവാൻ പറഞ്ഞിരുന്നു. അവർ അങ്ങനെ ചെയ്തു. കാലക്രമേണ, നമുക്ക് "തുവർത്ത് ഞായർ" എന്നതുായി. തുവർത്തുകൾ നൽകിയിരുന്നത് പ്രത്യേക ദാസന്മാർക്കായിരുന്നു. സത്യസന്ധമായിരിക്കുക എന്നത് വളരെ നല്ലതായിരുന്നു. തുവർത്തുകൾ ലഭിക്കേ തിന് ആളുകൾ രാഷ്ട്രീയം ഉപയോഗിച്ചു, തുവർത്തുകൾക്കായി പോരാടി, അവരുടെ തുവർത്തുകൾ പ്രദർശിപ്പിച്ചു! തുവർത്തുകൾക്കു പിന്നിലുള്ള ആശയത്തെ അഹങ്കാരം നശിപ്പിച്ചു!

അടുത്ത ഞായറാഴ്ച്ച ഞങ്ങൾ നിങ്ങളുടെ കാലുകൾ കഴുകുമെന്നു മൂപ്പന്മാർ പറഞ്ഞാൽ നിങ്ങൾ എന്തു ചെയ്യും? നിങ്ങളൊരു പുതിയ വസ്ത്രവും, പുതിയ ചെരിപ്പും, പുതിയ ടൈയ്യും വാങ്ങിയേക്കും! നിങ്ങൾ കുളിച്ചു തയ്യാറായി വരും. നിങ്ങൾ നിങ്ങളുടെ വീട്ടിലുള്ളവരെയും സ്നേഹിതരെയും കൊുവരും! നിങ്ങൾ അതിനെ നശിപ്പിക്കും! *അഹങ്കാരം!* ഒരു ഞായറാഴ്ച്ച നിങ്ങളെ അവർ അതിശയിപ്പിച്ചാലോ? അവർ നിങ്ങളുടെ കാലിൽ നിന്നുചെരുപ്പഴിക്കുമ്പോൾ, സോക് സിൽ ഒരു ദ്വാരം ഒരുപക്ഷെ കാണും. നിങ്ങൾക്കു ലജ്ജ തോന്നു കയില്ലേ? *അഹങ്കാരം!* പത്രൊസിൽ അതായിരുന്നു; അതു നമ്മിലും ്.

(4) പത്രൊസ് തന്നെത്താൻ താഴ്ത്തുകയും മാനസാന്തരപ്പെടുകയും ചെയ്തു, "കർത്താവേ, അങ്ങനെയെങ്കിൽ എന്റെ കാലുകൾ മാത്രമല്ല, എന്റെ തലയും കൈകളും ഒക്കെ കഴുകേണമേ" (യോഹന്നാൻ 13:9). പത്രൊസിന്റെ മാതൃക നമുക്കുാകണം. അവൻ പാപം ചെയ്തു, ശരിയാണ്, എന്നാൽ അവൻ മാനസാന്തരപ്പെടുകയും ചെയ്തു. മറ്റൊരാളുടെ കാലുകൾ കഴുകുന്നത് നിങ്ങളുടെ സ്വാത ന്ത്ര്യത്തെ വെളിപ്പെടുത്തിയേക്കാം; നിങ്ങളുടെ കാലുകൾ മറ്റൊരാൾ കഴുകുന്നത് ആശ്രയമാണ് വെളിപ്പെടുത്തുന്നത്. ശുശ്രൂഷിക്കുന്നതിനേക്കാൾ ശുശ്രൂഷിക്കപ്പെടുന്നത് ഒരുപക്ഷെ നമുക്ക് പ്രയാസമായേക്കാം. പിതാക്കന്മാരേ, നിങ്ങളുടെ മക്കൾ അവരെ നിങ്ങൾക്കു ഏൽപ്പിക്കുമാറാകട്ടെ! ശക്തരായ അംഗങ്ങളെ, സഹോദരന്മാർ അവരെ നിങ്ങൾക്കു ഏൽപ്പിക്കുമാറാകട്ടെ.

അതിനെയാണ് ഞാൻ "ഇല്ലായ്മയുടെ വരം" എന്നു വിളിക്കുന്നത്. ശുശ്രൂഷിക്കുവാൻ അല്ലെങ്കിൽ പ്രസംഗിക്കുവാൻ പോലുമുള്ള അവകാശം നമ്മിൽ ആരും നേടി എടുക്കുന്നില്ല. പെന്തെക്കൊസ്തു നാളിൽ ആ വലിയ പ്രസംഗം നടത്തിയത് ആരാണ്? *പത്രൊസ്!* അവൻ അതിനുള്ള അവകാശം നേടിയതാ

യിരുന്നോ? *ഇല്ല!* പ്രസംഗ പരീക്ഷയിൽ അവന് ഏറ്റവും ഉയർന്ന മാർക്കു ായിരുന്നോ? *ഇല്ല!* അവസാന അത്താഴ സമയത്ത് യേശുവിനെ അവന്റെ കാലുകൾ കഴുകുവാൻ പത്രൊസ് അനുവദിച്ചതുകൊു പെന്തെക്കൊസ്തു നാളിൽ പ്രസംഗിക്കുവാൻ അവനു ദൈവകൃപ ലഭിച്ചു! പ്രസംഗിക്കുവാൻ ഞാൻ ആരാണ്? ഞാൻ ആരുമല്ല! എനിക്കതിനു സ്വയം സാധ്യമല്ല! എങ്ങനെ യായാലും, ഞാൻ എന്നെത്തന്നെ താഴ്ത്തി എന്റെ കാലുകൾ കഴുകുവാൻ യേശുവിനെ സമ്മതിക്കുവോളം, എനിക്ക് ആരോടും, എവിടെയും, ഏതു സമ യത്തും പ്രസംഗിക്കുവാൻ കഴിയും. ഇവിടെയാണ് വിപരീത പ്രസ്താവന കാണുന്നത്: യേശു കാൽ കഴുകിയപ്പോൾ, അവൻ ഹൃദയത്തെ ശുദ്ധീകരി ച്ചു! യേശുവിനു മാത്രമേ നമ്മെ സത്യസന്ധമാക്കുവാൻ കഴിയൂ. നാം "തുവർത്തിന്റെ ക്രമത്തിനുള്ളവർ" ആകണം.

പത്രൊസും ശേഷം അപ്പൊസ്തലന്മാരും "ഇല്ലായ്മയുടെ വരം" ശീലി ക്കുകയും സ്വീകരിക്കുകയും വേണമായിരുന്നു. മോശമായ ചിത്രങ്ങൾക്കു നിറം നൽകുവാൻ കൊച്ചുകുട്ടികൾക്ക് കഴിയുകയില്ല. അവർ ഒരുപക്ഷെ വര കൾക്കുള്ളിൽ തന്നെ നിറം കൊടുത്തെന്നുവരില്ല, എന്നാലും അവർ യഥാർത്ഥ ത്തിൽ കുട്ടികൾ തന്നെയാണ്. നാം അവരെ പ്രോത്സാഹിപ്പിക്കുകയും, നന്ദി പറയുകയും, അവർ കളർ ചെയ്തത് സൂക്ഷിക്കുകയും ചെയ്യുന്നു. അത് ദൈവ ത്തെയും നമ്മെയും സംബന്ധിച്ചും വാസ്തവമാണ്. നമുക്ക് തികഞ്ഞവരാ കുവാൻ കഴിയുകയില്ല; നമുക്കെല്ലാം ശരിയായി ചെയ്യുവാൻ കഴിയുകയില്ല; പരാജയം ഒഴിവാക്കുവാൻ നമുക്ക് കഴിയുകയില്ല. ആ രീതിയിൽ കുട്ടികൾ ശീലിച്ച് വളരണം. യേശു നമ്മുടെ കാൽ കഴുകുമ്പോൾ, നാം പരാജയം അനു വദിക്കുകയാണ്! പലരും സേവിക്കുവാൻ മടിക്കുന്നത് അവർക്കതു നന്നായി ചെയ്യുവാൻ കഴിയുകയില്ല എന്നതുകൊാണ്. നിങ്ങൾ വിജയിക്കണമെന്നില്ല; നിങ്ങൾ വിശ്വസ്തരായിരിക്കണം. നിങ്ങൾ എവിടെയാണെങ്കിലും, നിങ്ങളെ കൊു ചെയ്യുവാൻ കഴിയുന്നതു, ഉള്ളതുകൊു ചെയ്യുക. മറ്റുള്ളവർ ചെയ്തതുനോക്കാതെ, പത്രൊസിനു ഉത്തരവാദിത്വം ഉായിരുന്നത് അവ നോടുമാത്രം ആയിരുന്നു. നിങ്ങൾ ദൈവത്തെ സേവിക്കുന്നതിനനുസരിച്ചല്ല രക്ഷ, എന്നാൽ നമ്മെ സേവിക്കുവാൻ ദൈവത്തെ അനുവദിക്കുന്നതിനനു സരിച്ചാണ്. യുദ്ധം യഹോവക്കുള്ളതാണ്. ശക്തി സന്ദേശത്തിലാണ്. ദൈവ ത്തിന്റെ ആത്മാർത്ഥ ശുശ്രൂഷകന്മാർ ആകുവാൻ, നാം ദൈവത്താൽ സേവി ക്കപ്പെട്ടവരാകണം. നാം മറ്റുള്ളവരോട് പെരുമാറുന്ന വിധത്തിലാണ് ദൈവം നമ്മോട് പെരുമാറുന്നതെന്നു കാണുക.

### "എന്നെപ്പോലെ ആകുക"

താൻ ചെയ്തതുപോലെ ചെയ്യുവാനാണ് യേശു ശിഷ്യന്മാരോടു പറഞ്ഞത് (യോഹന്നാൻ 13:13–17). യേശു ഒരു കൽപനയാണ് നൽകിയിട്ടുള്ളത്: "എന്നെ അനുഗമിക്ക" (മത്തായി 4:19; 9:9; 1 പത്രൊസ് 2:21). ക്രിസ്തുവാണ് ക്രിസ്ത്യാ നിത്വം. പൗലൊസ് പറഞ്ഞു, "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കു കയാൽ, നിങ്ങളും എന്റെ അനുകാരി ആയിരിപ്പിൻ" (1 കൊരിന്ത്യർ 11:1). ഫിലി പ്പിയരോട് തന്നെ അനുഗമിക്കുവാൻ അവൻ തറപ്പിച്ച് പറയുകയുായി (ഫിലിപ്പിയർ 3:17). പിന്നെ അവൻ തന്റെ ജീവിതവും പ്രാണനും അവർക്കായി വെച്ചുകൊടുക്കുന്നു: "എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കുമുള്ളത് പ്രവർത്തിപ്പിൻ, എന്നാൽ സമാധാനത്തിന്റെ ദൈവം, നിങ്ങളോടുകൂടെ ഇരി

ക്കും" (ഫിലിപ്പിയർ 4:9). കഴിഞ്ഞ ഏതാനും വർഷങ്ങളായി ഞാൻ സഹോദരന്മാരുടെ മുൻപിൽ നിന്ന് പറയാറു്, "എന്നെ അനുഗമിക്ക." ഞാൻ അൻപതുവർഷത്തോളം പ്രസംഗിച്ചിട്ടു് - ഇത് പറയുന്നതിനുമുൻപായി ഞാൻ എത്രത്തോളം തുടർച്ചയായി പ്രസംഗിക്കണം? മൂപ്പന്മാർ അവരുടെ കൂട്ടത്തിനു മുൻപിൽനിന്നുകൊു പറയണം, "ഞങ്ങളെ അനുഗമിക്ക." മാതാപിതാക്കൾ തങ്ങളുടെ മക്കളോടു പറയണം, "ഞങ്ങളെ അനുഗമിക്ക." നിങ്ങൾ പ്രതികരിക്കുന്നതിനു മുൻപ്, *അവർ അതു ചെയ്യും!* കൂട്ടം അനുഗമിക്കും. നമ്മുടെ ഉത്തരവാദിത്വം എന്തെന്നാൽ ശരിയായി നയിക്കുക എന്നതാണ്. നാം യേശുവിനോടുകൂടെ സമയം ചിലവിട്ടു എന്ന് നമ്മോടുകൂടെയുള്ളവർക്കു തീർച്ചയുോ? ശിഷ്യന്മാർക്കുചുറ്റും ഉായിരുന്നവർ "... അവർ യേശുവിനോടു കൂടെ ഉള്ളവർ എന്നു അവരെ തിരിച്ചറിഞ്ഞിരുന്നു" (പ്രവൃത്തികൾ 4:13). ദാസന്മാരിൽ നിന്ന് നിങ്ങളുടെ ഉപദേഷ്ടാക്കന്മാരെ തിരഞ്ഞെടുക്കുക. ദാസന്മാരിൽ നിന്ന് നിങ്ങളുടെ മൂപ്പന്മാരെ തിരഞ്ഞെടുക്കുക. നാം ക്രിസ്തുവിന്റെ ദാസന്മാർ ആയിരിക്കുമ്പോൾ, നമ്മുടെ മക്കൾ - സഹോദരങ്ങൾ - എന്നിവർക്ക് നമ്മോട് "ഇല്ല" എന്നു പറയുവാൻ കഴിയുകയില്ല.

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പു

[1]പത്രൊസ് ശിഷ്യന്മാരുടെ മനുഷ്യത്വത്തെ ചിത്രീകരിക്കുകയും, ആ ആശയത്തെ ഈ പ്രധാനകാര്യം മുറുകെ പിടിച്ചിരിക്കുകയുമാണ്. എങ്ങനെയായാലും, ഒരു സംഘടനക്കുള്ളിലെ ഒരു ജോലിക്കാരൻ അവന്റെ കഴിവു നഷ്ടപ്പെട്ട് നിസ്സഹായാവസ്ഥയിൽ എത്തി അതിൽ തന്നെ നിലനില്ക്കുന്നു എന്നു പറയുന്ന ലോറൻസ് എഫ്. പീറ്ററിന്റെ സിദ്ധാന്തത്തിനുള്ള പേരിൽ നിന്നാണ് ആ പദം ഉായത്.